# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2744** **17.10.2016-ൽ മറുപടിക്ക്**

**അക്രമങ്ങൾക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഒ. രാജഗോപാൽ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടതുപക്ഷ രാഷ്ട്രീയക്കാർ സംസ്ഥാനത്തൊട്ടാകെ നടത്തുന്നതായി പറയപ്പെടുന്ന അക്രമങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ രാഷ്ട്രീയ വിശ്വാസികൾ പ്രതികളായുള്ള കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) ബി.ജെ.പി. യുടെ സംസ്ഥാന കാര്യാലയത്തിനു നേരെ അക്രമം അഴിച്ചു വിട്ടവരെ നാളിതുവരെയും കണ്ടെത്താനോ അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ? | (ബി) ബി.ജെ.പി. സംസ്ഥാന കാര്യാലയത്തിനു നേരെ നടന്ന ആക്രമണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിൽ പ്രതികളെ ഇതുവരെയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഈ കേസിലെ പ്രതികളെ പിടികൂടുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ